**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 671** **02-02-2023 - ൽ മറുപടിയ്ക്ക്**

**പള്ളിച്ചൽ പഞ്ചായത്തിലെ 17.20 ആർ സ്ഥലംഖാദി ബോർഡിന്റെ ഉടമസ്ഥതയിലാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പള്ളിച്ചൽ പഞ്ചായത്തിലെ റീസർവ്വേ നം. 151/2-ൽപ്പെട്ട 17.20 ആർ സ്ഥലം ഖാദി ബോർഡിന്റെ ഉടമസ്ഥതയിൽ ആക്കുന്നതിനായി ബോർഡ് സിവിൽ കോടതിയെ സമീപിച്ചിട്ടുണ്ടോ; ആയത് സംബന്ധിച്ച് വിശദാംശങ്ങളും വിവരങ്ങളും ലഭ്യമാക്കാമോ? | (എ) | ഇല്ല. പള്ളിച്ചൽ പഞ്ചായത്തിലെ റീസർവ്വേ നം.151/2-ൽപ്പെട്ട 17.20 ആർ സ്ഥലം ഖാദി ബോർഡിന്റെ ഉടമസ്ഥതയിൽ ആക്കുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതിന് അഡ്വക്കേറ്റിന്റെ ഉപദേശം തേടിയപ്പോൾ ടി വസ്തുവിന്റെ ഉടമസ്ഥാവകാശം തെളിയിക്കു ന്നതിന് വസ്തുവിന്റെ ആധാരവും കരം ഒടുക്കിയ രസീതിയും ആവശ്യമാണെന്നറിയിച്ചതിനാൽ കരം ഒടുക്കുന്നതിന് അപേക്ഷ സമർപ്പിച്ചു. എന്നാൽ പ്രസ്തുത വസ്തുവിന്റെ ഉടമസ്ഥത സംബന്ധിച്ച് തർക്കമുള്ളതിനാൽ കരം അടയ്ക്കുന്ന വിഷയം തഹസിൽദാർ മുഖേന കളക്ടർ മുമ്പാകെ പരിഗണനയിൽ ആണ്. പ്രസ്തുത രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് അന്യായം ഫയൽ ചെയ്യുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ